STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.441/PR/SPMC/PHQ/2021 Date:30.09.2021

# പോലീസ് പാസിങ് ഔട്ട് പരേഡിൽ മുഖ്യമന്ത്രി അഭിവാദ്യം സ്വീകരിച്ചു

നവകേരളം യാഥാർത്ഥ്യമാക്കുന്നതിന് സമാധാനപരവും മതനിരപേക്ഷിതവുമായ അന്തരീക്ഷം ആവശ്യമാണെന്നും അത് ഉറപ്പുവരുത്തുന്നതിൽ പോലീസിന് വലിയ പങ്ക് നിർവ്വഹിക്കാനുണ്ടെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ആ ഉത്തര വാദിത്തം വളരെ ഗൗരവത്തോടെയാണ് പോലീസ് നിർവ്വഹിച്ചത് എന്നതിന് തെളി വാണ് കഴിഞ്ഞ അഞ്ച് വർഷം പോലീസിന് ലഭിച്ച പുരസ്കാരങ്ങളെന്ന് മുഖ്യമന്ത്രി പറഞ്ഞു. കേരളാ പോലീസിന്റെ വിവിധ ബറ്റാലിയനുകളിൽ പരിശീലനം പൂർത്തിയാ ക്കിയ 2362 സേനാംഗങ്ങളുടെ പാസിംഗ് ഔട്ട് പരേഡിൽ ഓൺലൈനിൽ അഭിവാദ്യം സ്വീകരിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പൊതുജനങ്ങളോട് ഏറ്റവും അടുത്ത് ഇടപഴകുന്നതാണ് പോലീസ്. അതു കൊണ്ടുതന്നെ സർക്കാരിനെ പൊതുജനം അളക്കുന്നത് പോലീസിന്റെ പ്രവർത്തനം കൂടി വിലയിരുത്തി കൊണ്ടാണ്. അതു മനസ്സിലാക്കി ജനപക്ഷത്തുനിന്നു കൊണ്ടാ വണം പോലീസ് കൃത്യനിർവ്വഹണം നടത്തേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

തിരുവനന്തപുരത്ത് എസ്.എ.പി ഗ്രൗണ്ടിൽ നടന്ന പരേഡിൽ 340 സേനാംഗങ്ങ ൾ 10 പ്ലട്ടൂണുകളിലായി അണിനിരന്നു. ജിബിൻ തോമസ് പരേഡിനെ നയിച്ചു. അമീർ ആയിരുന്നു സെക്കന്റ് ഇൻ കമാൻഡർ. സേനാംഗങ്ങളിൽ 48 ബിരുദാനന്തര ബിരുദധാ രികളും 4 എംടെക്, 4 എം.ബി.എ, 30 ബിടെക്, 2 ബി എഡ്, 188 ബിരുദ യോഗ്യതയുള്ള വരുമുണ്ട്. അജേഷ്.കെ, അഭിജിത്.പി.അൻസ്ബർട്ട്, ജസീലുദ്ദീൻ.സി.കെ എന്നിവർ യഥാക്രമം ബെസ്റ്റ് ഔട്ട്ഡോർ, ബെസ്റ്റ് ഇൻഡോർ, ബെസ്റ്റ് ഷൂട്ടർ എന്നീ വിഭാഗങ്ങളി ലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. നജിമുദ്ദീൻ.പി ആൾറൗണ്ടറുമായി. ഇന്ന് പോലീസിന്റെ ഭാഗമായ 2362 പേരിൽ 230 പേർക്ക് എഞ്ചിനിയനിംഗിൽ ബിരുദവും 11 പേർക്ക് എം. ടെക്കും ഉണ്ട്. എം.ബി.എക്കാരായ 37 പേരും ബിരുദധാരികളായ 1065 പേരും ബിരുദാ നന്തബിരുദധാരികളായ 230 പേരും ഇന്ന് പോലീസിന്റെ ഭാഗമായി.

പരിശീലന കാലയളവിൽ വിവിധ വിഭാഗങ്ങളിൽ മികവ് പുലർത്തിയ സേനാംഗ

ങ്ങൾക്കുള്ള ട്രോഫികൾ ആംഡ് പോലീസ് ബറ്റാലിയൻ എ.ഡി.ജി.പി കെ.പത്മകുമാർ വിതരണം ചെയ്തു. സ്പെഷ്യൽ ആംഡ് പോലീസ്, മലബാർ സ്പെഷ്യൽ പോലീസ്, കേരളാ ആംഡ് പോലീസ് ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച് ദളങ്ങൾ, റാപ്പിഡ് റെസ്പോൺസ് ആന്റ് റെസ്ക്യൂ ഫോഴ്സ് എന്നീ ബറ്റാലിയനുകളിലും കേരളാ പോലീസ് അക്കാഡമിയിലെ ഇന്റഗ്രേറ്റഡ് പോലീസ് റിക്രൂട്ട് ട്രെയിനിംഗ് സെന്റർ, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിലെ സായുധസേനാ ക്യമ്പുകളിലുമായാണ് സേനാംഗങ്ങളുടെ പരിശീലനം പൂർത്തിയായത്. രാവിലെ 08.25ന് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനിലൂടെ സേനാംഗങ്ങളുടെ അഭിവാദ്യം സ്വീകരിച്ചു. (ഫോട്ടോ, Visuals എന്നിവ ഇതോടൊപ്പം)

സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത്, ആംഡ് പോലീസ് ബറ്റാലിയൻ എ.ഡി.ജി.പി. കെ.പത്മകുമാർ, ഐ.ജി. പി.വിജയൻ, ഡി.ഐ.ജി. പി.പ്രകാശ് എന്നിവർ ഓൺലൈനായി സേനാംഗങ്ങളുടെ സല്യൂട്ട് സ്വീകരിച്ചു.

ഫോട്ടോ ക്യാപ്ഷൻ

1. തിരുവനന്തപുരം എസ്.എ.പിയിൽ നടന്ന പാസിംഗ് ഔട്ട് പരേഡിൽ സേനാംഗങ്ങൾ സത്യപ്രതിജ്ഞ ചൊല്ലുന്നു.
2. പാസിംഗ് ഔട്ടിന് ശേഷം സേനാംഗങ്ങൾ സെൽഫി എടുക്കുന്നു.
3. പാസിംഗ് ഔട്ടിന് ശേഷം കുടുംബാംഗങ്ങൾക്ക് സമീപമെത്തിയ സേനാംഗം കുഞ്ഞിനോടൊപ്പം.

***********************************